പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 764 | 02.12.2015- ൽ മറുപടി<br>നല്കേണ്ടത്. |

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ.രാജേഷ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | എ)<br>ബി)<br>സി)<br>&<br>ഡി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ബഹു. എം. എൽ . എ ഫണ്ടിൽ നിന്നും 60 ലക്ഷം രൂപ ചെലവിൽ കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത യൂണിറ്റ് ആരംഭിക്കുമ്പോൾ അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും എന്നറിയിച്ചതിനാൽ, നിലവിലുള്ള ജീവനക്കാരെ പുനർവിന്യാസം നടത്തി അധിക തസ്തിക സൃഷ്ടിക്കാതെ തന്നെ യൂണിറ്റ് പ്രവർത്തന സജ്ജമാക്കാമോ എന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരിക്കയാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ബി) | ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കാവശ്യമായ റിപ്പോർട്ട് ഫിനാൻസ് വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടും നാളിതുവരെയും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ